"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, വാണിയംകുളം ടി.ആർ.കെ.എച്ച്.എസിലെ എഫ്.ടി.എം ആയ ശ്രീ.അനിൽകുമാർ.പിയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് സമർപ്പിച്ച റിവ്യൂ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ(എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2419/2025/GEDN തീയതി,തിരുവനന്തപുരം, 03-04-2025

പരാമർശം:-

1. 01.06.2024ലെ സ.ഉ(സാധാ) നം.3454/2024/പൊവിവ. നം ഉത്തരവ്.
2. പാലക്കാട്, വാണിയംകുളം ടി.ആർ.കെ.എച്ച്.എസിലെ എഫ്.ടി.എം ആയ ശ്രീ.അനിൽകുമാർ.പി സമർപ്പിച്ച റിവ്യൂ ഹർജി.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.09.2024ലെ ഇ.എം 1/16093/2024/ഡി.ജി.ഇ നം. കത്ത്.
4. പാലക്കാട് ജില്ലാ കളക്ടറുടെ 04.12.2024 ലെ DCPKD/14963/2024-PGR1 നം. കത്ത്.

**ഉത്തരവ്**

വാണിയംകുളം ടി.ആർ.കെ.എച്ച്.എസിലെ എഫ്.ടി.എം ആയ ശ്രീ.അനിൽകുമാർ.പിയുടെ എഫ്.ടി.എം നിയമനം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ച് 06.06.2019 മുതൽ അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഹർജിക്കാരൻ അതിദരിദ്രകുടുംബത്തിലെ അംഗമാണെന്നത് പരിഗണിച്ചും , കോവിഡ് ബാധിതനായി ശാരീരികമായ അവശതകൾ നിലനില്ക്കുന്ന ആളായതുകൊണ്ടും, മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നും ഇല്ലാത്തതിനാലും മാനുഷിക പരിഗണന നല്കി, കെ.ഇ.ആർ റൂൾ 3 ചാപ്റ്റർ 1 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള പ്രത്യേകാധികാരം ഉപയോഗിച്ച് നിയമനാംഗീകാരം നല്കുന്ന വിഷയം പരിഗണിക്കുവാനായി പരാമർശം(2) പ്രകാരം റിവ്യൂ ഹർജി സമർപ്പിച്ചിരുന്നു.

2. പാലക്കാട് ജില്ലയിലെ വാണിയംകുളം ടി.ആർ.കെ.എച്ച്.എസിലെ എഫ്.ടി.എം ആയിരുന്ന ശ്രീ.പ്രതീപ്.എ.കെയെ 06/06/2019 മുതൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിലേക്ക് ശ്രീ.അനിൽകുമാർ.പി യെ 06/06/2019 മുതൽ എഫ്.ടി.എം ആയി നിയമിച്ചു. ഇതേ സ്കൂളിലെ എൽ.ജി.ഹിന്ദി ആയിരുന്ന ശ്രീമതി.രാധിക.എസിനെ എച്ച്.എസ്.എ(ഹിന്ദി) ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിലാണ് എഫ്.ടി.എം ആയിരുന്ന ശ്രീ.പ്രതീപ്.എ.കെയെ എൽ.ജി.ഹിന്ദി ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ചത്. ശ്രീമതി.രാധിക.എസിന്റെ

സ്ഥാനക്കയറ്റനിയമനം നിരസിച്ചിരിക്കുകയാണ്. ടി സാഹചര്യത്തിൽ ശ്രീ.പ്രതീപ്.എ.കെയുടെ സ്ഥാനക്കയറ്റവും അംഗീകരിച്ചിട്ടില്ല. ഇതിനാൽ ശ്രീ.അനിൽകുമാർ.പിയുടെ നിയമനം പരിഗണിക്കുന്നതിന് ആവശ്യമായ തസ്തികയില്ല. മാത്രമല്ല 2006-10 കാലഘട്ടത്തിൽ അനുവദിക്കപ്പെട്ട അധികതസ്തികകളിൽ മാനേജർ നടത്തിയ 5 നിയമനങ്ങൾ 12/01/2010 ലെ സ.ഉ.നം.10/10/പൊവിവ പ്രകാരം മാനേജർ സമർപ്പിച്ച ബോണ്ട് വച്ച് നിയമനതീയതി മുതൽ അംഗീകരിക്കാൻ ഉത്തരവായിട്ടുണ്ട്. ആയതിനാൽ ഇത്രയും തസ്തികകൾ സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനു മാറ്റിവയ്ക്കേണ്ടതുണ്ട്. ഇത് മാറ്റി വെച്ചിട്ടില്ലെന്നു ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ടിയാളുടെ നിയമനം ജില്ലാവിദ്യാഭ്യാസഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നു.

3. തുടർന്ന് മാനേജർ വിദ്യാഭ്യാസഉപഡയറക്ടറുടെ കാര്യാലയത്തിൽ അപ്പീൽ സമർപ്പിക്കുകയും ജില്ലാ വിദ്യാഭ്യാസഓഫീസറുടെ കാര്യാലയത്തിലെ ഉത്തരവ് ശരി വച്ചുകൊണ്ട് പ്രസ്തുത അപ്പീൽ നിരസിക്കപ്പെട്ടു. ചുവടെപ്പറയുന്ന കാരണങ്ങളാലാണ് അപ്പീൽ നിരസിക്കപ്പെട്ടത്.

i. ശ്രീ.അനിൽകുമാർ.പിയുടെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് പ്രകാരം ടിയാളുടെ ജനനത്തീയതി 01/05/1982 ആണ്. നിയമനത്തീയതി 06/06/2019 ആയതുകാരണം നിയമനവർഷമായ 2019 ജനുവരി മാസം 1 ന് (01/01/2019) 36 വയസ്സ് കവിയാൻ പാടില്ല. 01/01/2019 ന് ടിയാന് പ്രായം 36 വയസ്സും 8 മാസവും ആണ്. കെ.ഇ.ആർ അദ്ധ്യായം 24 (ബി) റൂൾ 5 പ്രകാരം പ്രായപരിധി സർക്കാർ സ്കൂളിലെ ജീവനക്കാർക്ക് ബാധകമായതു തന്നെയാണ് എയ്ഡഡ് സ്കൂൾ അനധ്യാപകർക്കും ബാധകമായിട്ടുള്ളത്. നിയമനാർഥിക്ക് നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടുണ്ട്.

ii. ടി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീ.പ്രതീപ്.എ.കെ യെ ജൂനിയർ ലാംഗ്വേജ് ടീച്ചർ(ഹിന്ദി) ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിലേക്കാണ് മാനേജർ ശ്രീ.അനിൽകുമാർ.പിയെ 06/06/2019 മുതൽ എഫ്.ടി.എം ആയി നിയമിച്ചിട്ടുള്ളത്. എന്നാൽ ശ്രീ.പ്രതീപ്.എ.കെ യുടെ നിയമനം അംഗീകരിച്ചിട്ടില്ല. ആയതിനാൽ ഒഴിവ് സ്പഷ്ടമല്ല.

iii. തുടർന്ന് ശ്രീ.പ്രതീപ്.എ.കെയുടെ നിയമനം അംഗീകരിക്കപ്പെട്ടു. എന്നാൽ ശ്രീ.അനിൽകുമാറിന്റെ കാര്യത്തിൽ പ്രായപരിധി വ്യവസ്ഥ പാലിക്കേണ്ടതിനാൽ നിയമനം പരിഗണിക്കാൻ കഴിഞ്ഞില്ല. താഴെ പറയുന്ന കാരണങ്ങൾ കൂടി പ്രതിപാദിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പുന:പരിശോധനാഹർജി നിരസിച്ച് ഉത്തരവായി.

ശ്രീ. അനിൽകുമാറിന്റെ ജനനത്തീയതി 01/05/1982 ആണ്. ടിയാൾ ഹിന്ദു നായർ വിഭാഗത്തിൽപ്പെടുന്ന ആളാണ്. നിയമിതന് നിയമനത്തീയതിയിൽ പ്രായം അധികരിച്ചിട്ടുള്ളതിനാൽ തസ്തിക വ്യവസ്ഥാപിതമാണ് എങ്കിലും പുന:പരിശോധനാഹർജി നിരസിക്കപ്പെട്ടു.

4. നിയമനവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി താഴെ കൊടുത്തിരിക്കുന്നു.

06/06/2019 മുതൽ എൽ.ജി ഹിന്ദി തസ്തികയിൽ നിന്നും എച്ച്.എസ്.ടി ഹിന്ദി തസ്തികയിൽ പ്രൊമോഷൻ മുഖേന നിയമനം ലഭിച്ച ശ്രീമതി.എസ്.രാധികയുടെയും തുടർന്ന് എഫ്.ടി.എം തസ്തികയിൽ നിന്നും എൽ.ജി ഹിന്ദി തസ്തികയിലേക്ക് പ്രൊമോഷൻ മുഖേന നിയമിതനായ ശ്രീ.പ്രതീപ്.എ.കെ യുടെയും സ്ഥാനക്കയറ്റം നിലവിൽ അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ ശ്രീ.അനിൽകുമാർ.പിയെ നിയമിച്ച എഫ്.ടി.എം ഒഴിവ് നിയമനതീയതിയിൽ സ്പഷ്ടമാണ്.

5. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

6. നിയമന വർഷമായ 01.01.2019 ന് ശ്രീ.അനിൽകുമാറിന് 36 വയസ്സ് അധികരിച്ചിട്ടുണ്ട്. നിയമന തിയതിയിൽ നിശ്ചിത പ്രായ പരിധി കഴിഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ, പാലക്കാട്, വാണിയംകുളം , ടി.ആർ.കെ ഹൈസ്കൂളിലെ ഫുൾ ടൈം മീനിയലായ ശ്രീ.അനിൽ കുമാർ.പി.യുടെ എഫ്.റ്റി.എം. നിയമനം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതിനായി സമർപ്പിച്ച പരാമർശം(2) റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.അനിൽകുമാർ.പി, എഫ്.ടി.എം, ടി.ആർ.കെ.എച്ച്.എസ്, വാണിയംകുളം, പാലക്കാട്.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
വിവരപൊതുജനസമ്പർക്ക(വെബ്&ന്യൂമീഡിയ) വിഭാഗം
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 03-04-2025 15:00:57
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ സി.എക്സ്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എക്സ്